ജില്ലാ സഹകരണ ബാങ്കുകൾ റബ്കോയ്ക്ക് കൊടുത്ത വായ്പകൾ

88 [4967] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. അച്ചുതൻ:
,, ടി. എൻ. പ്രതാപൻ:
,, എൻ. ശക്തൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ റബ്കോയ്ക്ക് വായ്പ കൊടുത്തിട്ടുണ്ട്;

(ബി) ഓരോ ജില്ലാ സഹകരണ ബാങ്കും റബ്കോയ്ക്ക് എന്തു തുക വീതം വായ്പ കൊടുത്തു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഇതിൽ ഏതെങ്കിലും വായ്പ ക്രമവിരുദ്ധമായി നൽകിയിരുന്നുവോ;

(ഡി) എങ്കിൽ അപ്രകാരം നൽകിയത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കാണെന്ന് പറയാമോ;

(ഇ) ഈ തുക കൃത്യമായി തിരിച്ചടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) എറണാകുളം ജില്ലാ സഹകരണ ബാങ്ക് 25.90 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം പ്രസക്തമല്ല.

(ഇ) എറണാകുളം ജില്ലാ സഹകരണ ബാങ്ക് നൽകിയ വായ്പ 14-8-2000 മുതൽ 10 വർഷക്കാലത്തേക്കുള്ള ദീർഘകാല വായ്പയായി മാറ്റിയിട്ടുണ്ട്. ആയതിന്റെ തിരിച്ചടവ് കാലാവധി ആയിട്ടില്ല.

സഹകരണ ബാങ്കിന് കീഴിൽ എ.ടി.എം. കൗണ്ടറുകൾ

89 [4968] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്ജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly